# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3570** — **14.03.2017-ൽ മറുപടിക്ക്**

## കുറുപ്പുംപടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 909/2016

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ് കുന്നപ്പിള്ളി** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കുറുപ്പുംപടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 909/2016 (ജിഷ വധക്കേസ്) ൽ 28.4.2016 മുതൽ 26.5.2016 വരെ അന്വേഷണം നടത്തിയ ടീം ഈ കേസിലെ എന്തെങ്കിലും തെളിവുകൾ നശിപ്പിച്ചതായോ സംരക്ഷിക്കാതിരിക്കുകയോ ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) കുറുപ്പുംപടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 909/2016 (ജിഷ വധക്കേസ്) എന്ന കേസ്സിന്റെ കുറ്റപത്രം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുമായതിനാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ബി) കുറുപ്പുംപടി പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറായിരുന്ന സോണി മത്തായി എന്ന സബ്ബ് ഇൻസ്പെക്ടർ തന്നെയല്ലേ പ്രസ്തുത കേസ് ചാർജ് ചെയ്തത് എന്നറിയിക്കുമോ; | (ബി) പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. സോണി മത്തായി കേസ് രജിസ്റ്റർ ചെയ്യുകയാണുണ്ടായത്. സി.ബി.സി.ഐ.ഡി., ഐ.എസ്.ഐ.റ്റി. പോലീസ് സൂപ്രണ്ട് ശ്രീ. എസ്. ശശിധരനാണ് ടി കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചത്. |
| (സി) പ്രസ്തുത കേസ് അന്വേഷണത്തിൽ പോരായ്മയുണ്ടെന്നും സ്റ്റേഷൻ ഹൗസ് ഓഫീസറല്ല കേസ് രജിസ്റ്റർ ചെയ്തതെന്നുമുള്ള തെറ്റായ റിപ്പോർട്ട് ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തയ്യാറാക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് പറയാമോ; | (സി) അപ്രകാരമുള്ള റിപ്പോർട്ട് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല. |
| (ഡി) തെറ്റായ റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ